**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2674** **13-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഐ.ഇ കാർഗോ കോംപ്ലക്സിലെ തൊഴിൽ സാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാറിന്റെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഇ. യുടെ കീഴിലുള്ള കാലിക്കറ്റ് എയർ കാർഗോ കോംപ്ലക്സിലോ എയർപോർട്ടിലുള്ള എക്സ്പോർട്ട് & ഇംപോർട്ട് യൂണിറ്റിലോ ലോഡിംഗ് & അൺലോഡിംഗ് വിഭാഗത്തിൽ സ്ഥിരമോ താൽക്കാലികമോ ആയി ജോലിക്ക് ആളെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര പേരെയാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ യൂണിറ്റുകളായ കോഴിക്കോട് എയർ കാർഗോ കോംപ്ലക്സിലും, തിരുവനന്തപുരം എയർ കാർഗോ ടെർമിനലിലും എസ്.എസ്.എൽ.സി യോഗ്യതയുള്ള 36 വെയർഹൗസ് ഹെൽപർമാരെ (ഓരോ യൂണിറ്റിലും 18 വീതം) 16,000/- മുതൽ 18,000/-രൂപ വരെ മാസ വേതനത്തിൽ സുതാര്യമായ രീതിയിൽ, പത്രപരസ്യത്തിലൂടെയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ കരാർ നിയമനവുമായി ബന്ധപ്പെട്ട നിലവിലെ വ്യവസ്ഥകൾ പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കെ.എസ്.ഐ.ഇ എം.ഡി-ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനങ്ങൾ നടത്തുന്നത് കരാർ വ്യവസ്ഥയിലാണോ കെ.എസ്.ഐ.ഇ. നേരിട്ടാണോ അതോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | മേൽ ( എ )പിരിവിലെ മറുപടി കണ്ടാലും |
| (സി) | പ്രസ്തുത തൊഴിലാളികളുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിദ്യാഭ്യാസ യോഗ്യത എന്താണ്; ഇവരുടെ ശമ്പളം/ദിവസക്കൂലി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | മേൽ ( എ )പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ